# ചെങ്ങന്നൂർ നഗരസഭ

നമ്പർ: ആർ1–3486/2011 തീയതി: 21/02/2012

## ചെങ്ങന്നൂർ നഗരസഭയിലെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപനം

പരാമർശം: 21/12/2011 – ലെ മലയാള മനോരമ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച 07/12/2011 –ലെ ഇതേ നമ്പർ കരട് വിജ്ഞാപനം.

ബഹു. കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) 14/01/2011 –ലെ സ.ഉ.(അ)17/2011, 18/2011/ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനങ്ങൾ പ്രകാരം വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ചെങ്ങന്നൂർ നഗരസഭാ പ്രദേശത്തെ ഓരോയിനം കെട്ടിടത്തിന്റെയും 1 ച.മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന നികുതി നിരക്കുകളും, കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ മേഖലാ വിഭജനം, റോഡുകൾ തരം തിരിച്ചതും സംബന്ധിച്ച് 16/08/2011, 28/11/2011 എന്നീ തീയതികളിൽ കൂടിയ ചെങ്ങന്നൂർ നഗരസഭാ കൗൺസിൽ അംഗീകരിച്ച തീരുമാനങ്ങൾ അന്തിമമായി നിശ്ചയിക്കുന്നതിന് മുൻപായി ആക്ഷേപം ക്ഷണിച്ചുകൊണ്ട് നഗരസഭാ ആഫീസ്, താലൂക്ക് ആഫീസ്, വില്ലേജ് ആഫീസ്, ആർ.ഡി.ഒ ആഫീസ് എന്നിവിടങ്ങളിലും മേൽ പരാമർശ പ്രകാരം മലയാള മനോരമ ദിനപത്രത്തിലും പരസ്യപ്പെടുത്തിയിരുന്നു.

ആയതിൻപ്രകാരം ലഭിച്ച ആക്ഷേപങ്ങൾ 06/02/2012 –ൽ ഹിയറിംഗ് നടത്തുകയും, മൊഴിയും, റിപ്പോർട്ടും 18/02/2012 –ൽ കൂടിയ നഗരസഭാ കൗൺസിൽ പരിഗണിയ്ക്കുകയും, തീർപ്പാക്കുകയും ചെയ്തിട്ടുള്ളതാണ്. ചെങ്ങന്നൂർ നഗരസഭാ കൗൺസിലിന്റെ 18/02/2012 – ലെ 1–ാം നമ്പർ തീരുമാനപ്രകാരം 01/04/2011 മുതൽ 5 വർഷത്തേയ്ക്ക് പ്രാബല്യത്തിൽ താഴെപ്പറയുന്ന നിരക്കുകൾ അന്തിമമായി അംഗീകരിച്ച് വസ്തുനികുതി ചുമത്തുന്നതിന് തീരുമാനിച്ചു.

അടിസ്ഥാന വസ്തു നികുതിയിൽ വരുത്തേണ്ട ഇളവുകൾക്കും, വർദ്ധനവുകൾക്കുമായി നഗരസഭാ പ്രദേശത്തെ മേഖലകളായി തിരിച്ചതും, റോഡുകൾ തരംതിരിച്ചതും സംബന്ധിച്ചുള്ള നോട്ടീസ് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി നഗരസഭാ ആഫീസ്, താലൂക്ക് ആഫീസ്, വില്ലേജ് ആഫീസ്, ആർ.ഡി.ഒ. ആഫീസ് എന്നിവിടങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. നഗരസഭയിലെ ഔദ്യോഗിക വെബ്സൈറ്റായ www.chengannurmunicipality.in– ലും ലഭ്യമാണ്.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം | 1 ച.മീ. തറ വിസ്തീർ ണ്ണത്തിന്റെ നിരക്ക്(രൂപ) |
|---|---|---|
| 1. | പാർപ്പിട ആവശ്യത്തിനുള്ളവ. | 13 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ | |
| (i) | 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 65 |
| (ii) | 100 ച.മീ. മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 85 |

| | | |
|---|---|---|
| (iii) | 200 ച.മീ. വരെ തറവിസ്തീർണ്ണമുളള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 65 |
| (iv) | 200 ച.മീ. മുകളിൽ തറവിസ്തീർണ്ണമുളള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 125 |
| (v) | ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ | 65 |
| 3 | ആഫീസ് ഉപയോഗത്തിനുളളവ (വ്യവസായ ശാലകളോടനുബന്ധിച്ചുളള ആഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | 65 |
| 4 | വിദ്യാഭ്യാസ ആവശ്യത്തിനുളളവ | 13 |
| 5 | ആശുപത്രികൾ | 15 |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമാ തീയറ്റർ, കല്യാണ മണ്ഡപം, ലോഡ്ജ് | 45 |
| 7 | വ്യവസായ ആവശ്യത്തിനുളളവ | |
| (i) | കൈത്തറി ഷെഡ്, കയർപിരിഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, കരകൗശല നിർമ്മാണ ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ്, പീലിംഗ് ഷെഡ്, കൈത്തൊഴിൽ ഷെഡ്, ഇഷ്ടിക ചൂള, തടിമിൽ | 25 |
| (ii) | ഇതരവ്യവസായാവശ്യത്തിനുളളവ | 60 |
| 8 | റിസോർട്ടുകൾ | 80 |
| 9 | അമ്യൂസ്മെന്റ് പാർക്ക് | 50 |
| 10 | മൊബൈൽ ടെലിഫോൺ ടവർ | 500 |

## സേവന ഉപനികുതി നിരക്കുകൾ

| ക്രമ നമ്പർ | സേവനം | | കുറഞ്ഞ നിരക്ക് |
|---|---|---|---|
| 1. | ശുചിത്വ പരിപാലനം | - | വസ്തു നികുതിയുടെ 4% |
| 2. | ജലവിതരണം | - | 3% |
| 3. | തെരുവ് വിളക്കുകൾ | - | 2% |
| 4. | ഡ്രെയിനേജ് | - | 1 % |

മുനിസിപ്പൽ സെക്രട്ടറി,
ചെങ്ങന്നൂർ നഗരസഭ.

പകർപ്പ്:
നോട്ടീസ് ബോർഡ്

MUNICIPAL COUNCIL
CHENGANNUR